# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ടി.ആർ.കെ യു.പി

# സ്കൂൾ വളാഞ്ചേരി

# 2025-26

# ടി.ആർ.കെ യു.പി.സ്കൂൾ വളാഞ്ചേരി

## കുറ്റിപ്പുറം ഉപജില്ല ഫോൺ : 2644120

## ചുമതലാവിഭജനം

| | | |
|---|---|---|
| 1. | പ്രധാന അദ്ധ്യാപിക | K.SMITHA |
| 2. | സ്റ്റാഫ് സെക്രട്ടറി | PRASEETHA UNNIKRISHNAN.C |
| 3. | എസ്.ആർ.ജി. കൺവീനർ UP | SAMEERA.T.P |
| | എസ്.ആർ.ജി. കൺവീനർ LP | ANJU T.SAJI |

| | | LP | UP | കമ്മിറ്റി അംഗങ്ങൾ |
|---|---|---|---|---|
| 4. | പ്രവേശനോത്സവം | | | |
| 5. | പി.ടി.എ ജനറൽ ബോഡി | | | |
| 6. | ടെക്സ്റ്റ് ബുക്ക് സൊസൈറ്റി | | | |
| 7. | ഉച്ചഭക്ഷണം | | | |
| 8. | കൗൺസിലിംഗ് + ആരോഗ്യം (ഇൻസിനേറ്റർ + അയേൺ ടാബ്‌ലറ്റ് + പാഡ് ഡിസ്ട്രിബ്യൂഷൻ) ആരോഗ്യ, ക്ലബ് | | | |
| 9. | ഇലക്ഷൻ, പാർലിമെന്റ് | | | |
| 10. | യാത്ര + സുരക്ഷ + പി.ടി.എ വിദ്യാഭ്യാസ സമിതി | | | |
| 11. | ബസ് ഡ്യൂട്ടി + ഗേറ്റിംഗ് ഡ്യൂട്ടി + ലിഫ്റ്റ് ഡ്യൂട്ടി | | | |
| 12. | IEDC ക്ലിനിക് | | | |
| 13. | വിജയ സ്പർശം | | | |
| 14. | ഡയറി | | | |
| 15. | മാതൃഭൂമി | | | |
| 16. | SPG (School protection group) | | | |
| 17. | ബുൾ ബുൾ | | | |
| 18. | SPORTS | | | |
| 19. | സ്വാതന്ത്ര്യദിനം ആഘോഷം + റിപ്പബ്ലിക് ഡേ, | | | |
| 20. | ശുചിത്വം, മാലിന്യമുക്ത ദിനാഘോഷം | | | |
| 21. | പരീക്ഷ, യൂണിറ്റ് ടെസ്റ്റ് | | | |
| 22. | ലൈബ്രറി | | | |
| 23. | അസംബ്ലി, സ്പോർട്സ് | | | |
| 24. | എൽ.എസ്.എസ്, യു.എസ്.എസ് | | | |
| 25. | പച്ചക്കറി | | | |
| 26. | OSA | | | |
| 27. | അച്ചടക്കം | | | |
| 28. | സാഹിത്യസമാജം, വിദ്യാരംഗം, സർഗ്ഗോത്സവം ഹലോ ഇംഗ്ലീഷ്, മലയാളം | | | |
| 29. | പെരുന്നാൾ ആഘോഷം | | | |
| 30. | ഓണം | | | |
| 31. | ക്രിസ്തുമസ്, പുതുവത്സരം | | | |
| 32. | ഭാഷാ കമ്മിറ്റി | | | |
| 33. | കലാമേള ജനറൽ | | | |
| 34. | കലാമേള അക്കാദമിക് | | | |
| 35. | പ്രവൃത്തി പരിചയമേള | | | |
| 36. | ശാസ്ത്രമേള | | | |
| 37. | സാമൂഹ്യശാസ്ത്രമേള, ഗാന്ധി ദർശൻ | | | |
| 38. | ഗണിതമേള | | | |
| 39. | സ്കോളർഷിപ്പ് പരീക്ഷ | | | |
| 40. | ഇംഗ്ലീഷ് ക്ലബ് | | | |
| 41. | പഠനയാത്ര | | | |
| 42. | വിജ്ഞാനോത്സവം | | | |
| 43. | ഗൃഹസന്ദർശനം New admission | | | |
| 44 | വാർഷികാഘോഷം | | | |
| 45. | പഠനോത്സവം | | | |
| 46. | ഹരിത കേരളം ശുചിത്വം Clean campus | | | |
| 47. | NU MATS EXAM | | | |
| 48 | SEVENTH SEND OFF | | | |
| 49. | TREASURER | | | |

SUBJECT CONVENOR /CLUB CONVENOR　　　　CLASS CO-ORDINATOR

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : T.R.K UP SCHOOL VALANCHERY |
| | വിലാസം | : വളാഞ്ചേരി പി.ഒ, പിൻ 676552<br>ഫോൺ : 0494 2644120 |
| 2. | സ്കൂൾ കോഡ് | : 19374 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : കുറ്റിപ്പുറം |
| 4. | വിദ്യാഭ്യാസ ജില്ല | : തിരൂർ |
| 5. | റവന്യൂ ജില്ല | : മലപ്പുറം |
| 6. | ബി.ആർ.സി | : കുറ്റിപ്പുറം |
| 7. | സി.ആർ.സി | : ജി.യു.പി സ്കൂൾ പൈങ്കണ്ണൂർ |
| 8. | മുനിസിപ്പാലിറ്റി | : വളാഞ്ചേരി |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : കുറ്റിപ്പുറം |
| 10. | ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| 11. | നിയമസഭാ മണ്ഡലം | : കോട്ടക്കൽ |
| 12. | ലോകസഭാ മണ്ഡലം | : പൊന്നാനി |
| 13. | താലൂക്ക് | : തിരൂർ |
| 14. | വില്ലേജ് | : കാട്ടിപ്പരുത്തി |
| 15. | ഇ-മെയിൽ | : aups vaikathur @ gmail- com. |

# വിദ്യാലയം പിന്നിട്ട വഴികൾ

1902- ൽ ജൂൺ 2-ാം തിയ്യതി മൂത്തമല പുരുഷോത്തമൻ നമ്പൂതിരിയാൽ സ്ഥാപിതമായ വൈക്കത്തൂർ എ.യു.പി സ്ക്കൂൾ വലിയൊരു പ്രദേശത്തിന്റെ വിജ്ഞാനദാഹം ശമിപ്പിച്ച് കൊണ്ട് നൂറ്റാണ്ടിലേറെയായി വളാഞ്ചേരിയുടെ ഹൃദയ ഭാഗത്ത് പരിലസിക്കുകയാണ്.

1952-ൽ ശ്രീമാൻ തോരക്കാട്ട് കുഞ്ഞി കൃഷ്ണൻ അവർകൾ ഏറ്റെടുത്ത് അറിവിന്റെ നഭസ്സിൽ ഒരു നീല നക്ഷത്രമായി വിദ്യാലയത്തെ ഉയർത്തുകയാണുണ്ടായത്. ആധുനിക വിദ്യാഭ്യാസ രീതികളിൽ അതീവ ശ്രദ്ധാലുവായിരുന്ന ശ്രീമാൻ ടി.ആർ സ്ക്കൂളിന്റെ അക്കാദമികമായ ഗുണന നിലവാരം ഉയർത്തുന്നതിന് കാലത്തിന് മുൻപേ നടന്ന മഹാനുഭാവനാണ്. അദ്ദേഹം നൽകിയ ഊർജ്ജമാണ് യഥാർത്ഥത്തിൽ ഇന്നും ഈ വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നത്. അദ്ദേഹത്തിന്റെ ദേഹ വിയോഗത്തിന് ശേഷം സഹധർമ്മിണി യശശ്ശരീരയായ ശ്രീമതി പി.കെ മാധവി വിദ്യാലയത്തിന്റെ മാനേജർ ആയി പ്രവർത്തിച്ചു. അവരുടെ മരണാനന്തരം മകൾ ശ്രീമതി ഷീബ സജ്ജീവ് ആണ് ഇന്നത്തെ സ്ക്കൂളിന്റെ മാനേജർ പദവി അലങ്കരിക്കുന്നത്.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ കർമ്മനിരതരായി പരിലസിക്കുന്ന ഒട്ടനേകം വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിന്റെ തിരുമുറ്റത്ത് കളിച്ചും പഠിച്ചുംവളർന്നവരാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഈ ആദ്യ ദശകങ്ങളിൽ ആധുനിക കാഴ്ച്ചപ്പാടോടെ സമ്പൂർണ്ണ മാനവീകത ഹൃദയത്തിൽ പരിലസിക്കുന്ന, ലോകത്തെ നയിക്കാൻ പ്രാപ്തരായ, ശക്തമായ ഒരു തലമുറയെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിയും എന്ന തികഞ്ഞ ആത്മവിശ്വാസം ഞങ്ങൾക്ക് കരുത്തേകുന്നു.

# വിദ്യാലയത്തിന്റെ പഴയകാല മികവുകൾ

- വളാഞ്ചേരിയിലെയും പരിസര പ്രദേശങ്ങളിലെയും വിദ്യാർത്ഥികളുടെ പ്രധാന ആശ്രയ കേന്ദ്രം.
- എല്ലാ ക്ലാസുകളിലും 40–50 കുട്ടികൾക്ക് പ്രവേശനം ലഭിച്ചിരുന്നു.
- കുട്ടികളുടെ എണ്ണം ഏറെക്കുറെ എല്ലാകാലത്തും ആയിരത്തിലേറെ നില നിർത്തുവാൻ കഴിഞ്ഞു.
- വർഷം മുഴുവൻ സ്ഥിര അധ്യാപകരുടെ സേവനം ലഭിച്ചിട്ടുണ്ട്.
- മറ്റ് സ്കൂളുകളെ അപേക്ഷിച്ച് എല്ലാ കാലത്തും ഉയർന്ന പഠന നിലവാരം നൽകാൻ കഴിഞ്ഞിരുന്നു.
- അക്കാദമികവും അല്ലാത്തതുമായ മേഖലകളിൽ ഉയർന്ന നേട്ടം കൈവരിക്കാൻ എല്ലാ കാലത്തും സ്ക്കൂളിന് സാധിച്ചു.
- കലാകായിക രംഗങ്ങളിൽ മികച്ച പൈതൃകം അവകാശപ്പെടാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.
- എല്ലാ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിഞ്ഞിരുന്നു.
- മികച്ച യാത്രാ സൗകര്യം നൽകാൻ വിദ്യാലയത്തിന് എന്നും സാധിച്ചിട്ടുണ്ട്.
- വിദ്യാലയവും സമൂഹവും തമ്മിൽ തികച്ചും ആരോഗ്യകരമായ ബന്ധം നിലനിന്നിരുന്നു.
- ഉന്നത പദവികളിൽ വിരാജിക്കുന്ന വലിയൊരു പൂർവ്വ വിദ്യാർത്ഥി ശൃംഖല തന്നെ ഈ വിദ്യാലയത്തിനുണ്ട്.
- പഠന ബോധന രംഗത്ത് പുതിയ കാഴ്ച്ചപ്പാടുകൾ നടപ്പിൽ വരുത്താൻ പഴയകാലത്ത് തന്നെ ശ്രമിച്ചിരുന്ന വിദ്യാലയമാണിത്.
- ശക്തമായ മാനേജ്മെന്റ് എക്കാലത്തും സ്ക്കുളിന്റെ പുരോഗതിയിൽ ശക്തമായ പങ്ക് വഹിച്ചു.
- ചിട്ടയായ പ്രവർത്തനത്തിലൂടെ വിദ്യാലയത്തിന് സമൂഹത്തിന്റെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

- പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാര ബോധനം നൽകാനുള്ള ആധുനീകരിച്ച ക്ലാസ്സ് മുറികൾ.
- എല്ലാ ക്ലാസ്സുകളും വൈദ്യുതീകരിക്കൽ.
- എല്ലാ ക്ലാസ്സുകളിലും ഫാൻ.
- പഠന ഉൽപ്പന്നങ്ങൾ സൂക്ഷിക്കാനും,ക്ലാസ്സ് ലൈബ്രറി ക്ലാസ്സ് ലാബ് എന്നിവ സൂക്ഷിക്കുന്നതിനുമായി ഓരോ ക്ലാസ്സ് മുറികളിലും ഷെൽഫ് സംവിധാനം.
- ഭിത്തിതിരിക്കാത്ത ക്ലാസ്സ് മുറികൾ.
- മെയിൽ ഗേറ്റിൽ വാച്ച്മാനുള്ള ഷെൽട്ടർ.
- വിശാലമായ പാചകപ്പുര .
- ക്ഷീണിച്ച് പ്രവർത്തന രഹിതമായ പൂർവ്വ വിദ്യാർത്ഥി സംഘടന.
- പഠന ഉപകരണമെന്ന നിലയ്ക്ക് ലാപ്ടോപ്പുകളുടെ അഭാവം.
- വ്യക്തമല്ലാത്ത ബ്ലാക്ക് ബോർഡുകൾ.
- തേച്ചു വൃത്തിയാക്കാത്ത ചുമരുകൾ.
- രക്ഷകർത്താക്കളുടെ വായാനമുറി, വിശ്രമമുറി,വിശ്രമ കേന്ദ്രം.
- ബാസ്കറ്റ് ബാൾ കോർട്ട്.
- വേണ്ടത്ര കായിക ഉപകരണങ്ങൾ.
- ഭാവനാ സമ്പന്നമായ നേതൃത്വം.
- കൂടുതൽ കാര്യക്ഷമമായ പ്രവർത്തന നയം.
- ശിശു കേന്ദ്രീകൃതമായ കാഴ്ചപ്പാടുകളും ആസൂത്രണവും.
- കലാപരമായ മികവുകൾക്ക് വേണ്ടത്ര ഇടം.
- സമൂഹത്തിൽ നിന്നുള്ള സാമ്പത്തികവും അക്കാദമികവുമായ പിന്തുണ നേടി യെടുക്കുന്നതിലുമുള്ള വീഴ്ച്ച
- പ്രതിഭകളെ കണ്ടെത്തി കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും മികച്ച ഭൗതീക വ്യായാമങ്ങൾ നൽകുന്നതിനുമുള്ള അവസരങ്ങൾ.
- എഴുത്ത്-വായന എന്നിവയിൽ ഉള്ള പിന്നോക്കാവസ്ഥ.
- പഠന ഉപകരണങ്ങൾ ശേഖരിച്ച സ്റ്റോർ.

## ലക്ഷ്യങ്ങൾ

1. ധാരാളം കുട്ടികൾ വിദ്യാലയത്തിൽ എത്തുന്നുണ്ടെങ്കിലും അവരുടെ പഠന നില വാരം, അഥവാ അതാത് പ്രായത്തിൽ നേടേണ്ടുന്ന ശേഷികൾ പ്രതീക്ഷിത അള വിൽ നേടുന്നു എന്ന് ഉറപ്പ് വരുത്തുക.

2. വിദ്യാലയത്തിലെ പ്രത്യേകിച്ചും അക്കാദമിക പ്രവർത്തനങ്ങളെ കുറിച്ച് തികച്ചും ബോധവാൻമാരായ ഒരു രക്ഷകർത്തൃ സമൂഹത്തെ തയ്യാറാക്കി എടുക്കുക. കുട്ടി കൾ ആർജ്ജിക്കേണ്ടുന്ന പഠന നേട്ടങ്ങളെ പറ്റിയും പഠിക്കേണ്ടത് എന്തൊ ക്കെയാണെന്നും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

3. ആധുനിക പഠന രീതികളിൽ അവലംബിക്കാനാവശ്യമായ, കഴിയുന്നത്ര ഭൗതിക സാഹചര്യങ്ങൾ നേടിയെടുക്കുക.

4. എല്ലാ തലത്തിലുമുള്ള പഠിതാക്കൾക്കും അതായത് പ്രതിഭകൾക്കും സാധാരണ വിദ്യാർത്ഥികൾക്കും പഠന വൈകല്യമുള്ളവർക്കും മറ്റ് പഠന പ്രശ്നങ്ങളുള്ള കുട്ടികൾക്കും ഒരേ പോലെ ശേഷികൾ നേടുന്നതിനു സാധ്യമായ സാഹചര്യങ്ങൾ ഒരുക്കുക.

5. വിദ്യാലയം ആധുനീക നിലവാരത്തിലേക്കുയർത്തുന്നതിന് വിവിധ ഏജൻസികളുടെയും, സമൂഹത്തിന്റെ സാമ്പത്തികവും വൈജ്ഞാനികവും കലാകായികപരവുമായിട്ടുള്ള മേഖലകളുടെയും സഹായം പരമാവധി നേടിയെടുക്കുക.

6. U.S.S,L.S.S പോലുള്ള മത്സര പരീക്ഷകൾക്കും കലാകയിക മത്സരങ്ങൾക്കും നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന തരത്തിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

7. ശരിയായ രീതിയിൽ അറിവ് നേടുന്നതോടെ മലയാളം ഇംഗ്ലീഷ് ,ഹിന്ദി ഭാഷകളിൽ എല്ലാ കുട്ടികളും പ്രതീക്ഷിത നേട്ടം കൈവരിക്കുകയും ഏഴാം തരം കഴിഞ്ഞിറങ്ങുന്ന കുട്ടി ആത്മാഭിമാനമുള്ളവനും തന്റെ പൈതൃകത്തിൽ അഭിമാനിക്കുന്നവനാം സമൂഹത്തെ പോസ്റ്റീവായി കാണുന്നവനും ആയിരിക്കുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധഘട്ടങ്ങൾ

1. ടി.ആർ.കെ.യു.പി സ്കൂൾ വളാഞ്ചേരി സമഗ്ര വികസന പദ്ധതി എസ്. ആർ.ജി യോഗത്തിൽ അവതരിപ്പിക്കലും ചർച്ചയും.

2. വികസന ആവശ്യങ്ങൾ വിഷയ അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം- സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ എസ്.ആർ.ജി, എസ്.എം.സി, പി.ടി.എ, എം.പി.ടി.എ രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ,ജനപ്രതിനിധികൾ എന്നിവരടങ്ങിയ ശിൽപ്പശാലയിൽ അവതരപ്പിച്ചു.

4. നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തു.

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കി.

6. നിലവിലെ അവസ്ഥാ വിശകലനം.

## വിദ്യാലയം സമീപകാലത്ത് കൈവരിച്ച മികവുകൾ

### അക്കാദമികം

- പഠന ബോധന പ്രക്രിയകളിൽ ശാസ്ത്രീയമായ ചുവട് വയ്പ്പുകൾ, LSS,USS എന്നീ പ്രതിഭാ വേദികളിൽ മിന്നുന്ന പ്രകടനങ്ങൾ,

- USS സ്ക്രീനിംഗ് നേടിയെടുക്കാൻ കഴിഞ്ഞു
- പ്രതിഭകളെ കണ്ടെത്തി പ്രത്യേകം ക്ലാസുകൾ നൽകി
- വായനാ ശേഷി വർദ്ധിപ്പിക്കാൻ 'മലയാളത്തിളക്കം' പോലെ നിരവധി പദ്ധതികൾ
- മറ്റ് മീഡിയകളുമായി സഹകരിച്ച് പഠനയാത്രകൾ, ഗവേഷണങ്ങൾ
- കൃത്യമായ ക്ലാസ് റും പ്രവർത്തനങ്ങൾ
- മലയാള ഭാഷ തെറ്റുകൂടാതെ എഴുതാനും വായനാശേഷി വളർത്താനും ' നാം മുന്നോട്ട് ' എന്ന പദ്ധതി
- ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, വിജ്ഞാൻ സാഗർ, ഗണിതം മധുരം, ശാസ്ത്രലാബ് പ്രവർത്തനങ്ങൾ

### കലാരംഗം

- കലാ മേളകളിൽ തുടർച്ചയായ വർഷങ്ങളിൽ മിന്നുന്ന പ്രകടനം.
- സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് നിരവധി വേദികൾ.

### കായികം

- കായിക പരിശീലനത്തിന് പ്രത്യേകം അധ്യാപകർ,
- കായിക ഉപകരണങ്ങൾ
- മത്സരങ്ങളിൽ ഉന്നത വിജയം
- കഴിവുള്ളവരെ കണ്ടെത്തി മികച്ച സ്പോർട്സ് സ്കൂളുകളിലെത്തിക്കാൻ കഴിഞ്ഞു

## ഭൗതിക സൗകര്യങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ

### മികവുകൾ

- വിശാലമായ 20 ക്ലാസ് മുറികളോട് കൂടിയ പുതിയ കെട്ടിടം
- വിശാലമായ സ്റ്റേജ്
- ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ് റൂം
- പുതിയ കെട്ടിടത്തിൽ എല്ലാം ക്ലാസ് റൂമുകളിലും വൈദ്യുതീകരണം ഫാൻ സൗകര്യം
- 20 പുതിയ ടോയ്‌ലറ്റുകൾ
- പുതിയ ഓഫീസ് റൂം, ലേഡീസ് സ്റ്റാഫ് റൂം, ജെന്റ്സ് സ്റ്റാഫ് റൂം
- അടുക്കളത്തോട്ടം

* ലൈബ്രറിയിൽ പുതിയ പുസ്തകങ്ങൾ
* ലാബ് ശക്തീകരണം

* പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ.

* ശക്തമായ സൗണ്ട് സിസ്റ്റം.

* പൊടിശല്യം അകറ്റുന്നതിനായി വിശാലമായ മുറ്റം ടൈൽ വിരിച്ചു.
* പുതിയ വാഹനങ്ങൾ വാങ്ങി ഗതാഗത സൗകര്യം മെച്ചപ്പെടുത്തി
* പുതിയ വാട്ടർ ടാങ്കുകൾ കുഴൽ കിണറുകൾ എന്നിവ നിർമ്മിച്ച് ജലവിതരണം മെച്ചപ്പെടുത്തി.

* പുതിയ കെട്ടിടത്തിന്റെ ചുമരുകൾ BALA രീതിയിൽ ചിത്രങ്ങളാൽ അലങ്കരിച്ചു. പുതിയ ഗേറ്റ് സ്ഥാപിച്ചു
* സ്കൂളിന്റെ രണ്ട് ഭാഗത്തും ഗേറ്റുകൾ സ്ഥാപിച്ച് സുരക്ഷിതമാക്കി.

* സി.സി.ടി.വി സ്ഥാപിച്ച് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി.

* പാചകപ്പുര വികസിപ്പിച്ച് ആധുനികരിച്ചു.

* പാചകത്തിന് ഗ്യാസ് കണക്ഷൻ അടുപ്പ് എന്നിവ ഒരുക്കി
* വേണ്ടത്ര പാത്രങ്ങൾ ഒരുക്കി.

* മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു
* സ്കൂളിന് സ്വന്തമായി ഒരു കൃഷിത്തോട്ടം നിർമ്മിച്ചു.
* നിരവധി ക്ലാസ്സ് മുറികളോടെയുള്ള പുതിയ കെട്ടിടം നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്.

* മികച്ച കമ്പ്യൂട്ടർ റൂമും സജ്ജീകരണങ്ങളും.

* പഴയ ക്ലാസ്മുറികളെ തരം തിരിക്കുന്നതിന് ചുമരുകൾ
* എൽ.പി ക്ലാസുകളിൽ സുരക്ഷിതമായ കർട്ടനുകൾ.

## അപര്യാപ്തതകൾ

* നിലവിൽ സ്കൂളിൽ ബയോലാബ് എന്നിവയ്ക്ക് സ്വന്തമായി മുറികളില്ല.

* ജല വിതരണത്തിനായി തുറന്ന കിണർ മഴവെള്ള സംഭരണി
* നഴ്സിംഗ് സ്റ്റേഷൻ

* വിശാലമായ കളിസ്ഥലം.

* വായനാ മുറി.
* ഓഡിറ്റോറിയം

* 100 കുട്ടികൾക്ക് ഒരേ സമയം ഉപയോഗിക്കാൻ കഴിയുന്ന കമ്പ്യൂട്ടർ ലാബ്
* കുട്ടികളുടെ എണ്ണത്തിനാനുപാതികമായ ശുചീകരണ സംവിധാനങ്ങൾ

സോളാർ പാനൽ

# മുന്നൊരുക്കം ഭൗതികം

1. നിലവിലുള്ള സ്മാർട്ട് ക്ലാസ്സ് റൂം ക്രമീകരിക്കുന്നു. തരംതിരിച്ച് ക്രമീകരിക്കുന്നു.

2. പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട ദൃശ്യശ്രാവ്യ മെറ്റീരിയലുകൾ സംഘടിപ്പിച്ച് ക്രമപ്പെടുത്തി നമ്പർ ചെയ്ത് സമാർട്ട് ക്ലാസ്സ് റൂമിൽ ശേഖരിക്കുക.

3. ഇവ സൂക്ഷിക്കുന്നതിനായി ചെസ്റ്റ് നിർമ്മാണം

## സാമ്പത്തിക വിശകലനം

5000/ Teacher 2000/ PTA

200000/Manager

## അക്കാദമികം

### ക്യാമ്പുകൾ

1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുള്ള

2. സഹവാസ ക്യാമ്പ് സാഹിത്യം, കലാ പ്രവൃത്തി പരിചയ ക്യാമ്പ്. 3. ഗണിത ശിൽപശാല

4. കൗൺസിലിംഗ് (യു.പി വിഭാഗം) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും. 5. വാർഷികം (ഇംഗ്ലീഷ് ഡേ,ഡേഗസൽ).

6. രക്ഷിതാക്കൾക്കുള്ള വിവിധയിനംമത്സരങ്ങൾവായന, ക്വിസ്, പാചകം.

7. ഗൃഹസന്ദർശനം.

8. കോർണർ പി.ടി.എ

9. ചികിത്സാ സഹായ ഫണ്ട്

10. ഏഴാം ക്ലാസ്സിലെ അടിസ്ഥാന ശേഷി നേടാത്ത കുട്ടികൾക്കുള്ള പ്രത്യേക ക്യാമ്പ് 11. സ്ക്കൂൾ പത്രം

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| | | | | മലയാളം ക്ലബ്ബ് |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം:<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| I കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | പി.ടി.എ, അധ്യാപകർ | |
| I സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | അധ്യാപകർ | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക രൂപപ്പെടുത്തുകയും ചെയ്യുക | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു . അക്ഷരങ്ങൾ തിരിച്ചറിയുവാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു . നെയിമുകൾ ,ഫ്ലാഷ് കാർഡുകൾ നിറം നൽകൽ പോലുള്ള പ്രവർത്തനങ്ങൾ , ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പരിഗണന നൽകി എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | മൂന്ന് മാസം | പുസ്തകങ്ങൾ കാർഡുകൾ ICT |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക പദ സമ്പത്ത് അധി കരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസതകത്തിലുള്ള പദങ്ങൾക്ക് പുറമെ 10 വാക്കുകൾ ശേഖരിക്കാൻ സാഹചര്യമൊരുങ്ങുന്നു . (കഥാ കവിതാ പുസ്തകങ്ങൾ screen)ലഘു സംഭാഷണങ്ങൾ ,പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം ,ദൈനം ദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകളുടെ പരിശീലനം . പ്രവർത്തനങ്ങളിൽ പങ്കാ ളിയായവർക്ക് സമ്മാനം നൽകൽ | ജൂൺ - മാർച്ച് | കാർഡുകൾ പുസ്തകങ്ങൾ ICT |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ , ലഘു കവിതകൾ ,കഥകൾ സംഭാഷണം ,കുറിപ്പുകൾ ,വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുക | ജൂൺ -മാർച്ച് | പുസ്തകം ചാർട്ട് ICT |
| ഓരോ മാസവും കുട്ടികൾ വായനാ തൽപ്പരരാവുകയും ഭാഷാ ശേഷി വർധിപ്പിക്കുകയും ചെയ്യുക . | മാസത്തിലൊരിക്കൽ ക്ലാസ്സ് തലത്തിൽ വായനാ മത്സരം കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു . മാസത്തിലൊരിക്കൽ മുശാഇറ മുശാഇറ പാഠ പുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതു വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | June –march | ICT വായനാ കാർഡ് ലൈബ്രറി പുസ്തകങ്ങൾ |
| വ്യത്യസ്ഥ ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം , | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലകാർഡ് ,ക്വിസ് മത്സരം ,കുറിപ്പ് സംഘടിപ്പിക്കൽ , | June March | അസംബ്ലി ചാർട്ട് |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാൻഗ്വേജ് ,ലാബ് ,SMART CLASS ROOM ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ, കവിതാ ശേഖരങ്ങൾ ,ചിത്രീകരണങ്ങൾ ,ആനിമേഷൻ മുതലായവയുടെ നിർമാണവും ഉപദേശവും . | June December | Ict |

# ഉർദു അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

| No | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പടേം ആഗേ ബഡേം | വായനാ മത്സരങ്ങൾ ,ക്വിസ് മത്സരങ്ങൾ ,ബാലമാസികകൾ ,ഉർദു പത്രങ്ങൾ ,വായനാ കർഡുകൾ ,തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചാരണ ങ്ങളിൽ | ഉർദു ടീച്ചർ | 500 | എച്ച് . എം |
| 2 | മേരേ അൽ ഫാസ് ,ഉർദു കയ്യെഴുത്ത് മാഗസിൻ | കുട്ടികളുടെ രചനാ ശേഷി വളർത്തൽ ,കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിനു വേണ്ടി കയ്യെഴുത്ത് മാസിക ചുമർ പത്രിക നിർമാണം വായന കരട് നിർമാണം | ടേം ൽ 1 വീതം | ഉർദു | 1000 | എച്ച് എം |
| 3 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച് എം |
| 4 | ഖസാന എ ഇൽമ് | പൊതുവായതും ഉരദു വിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച് എം |
| 5 | ഹം മിലേം ഉർദു ക്ലബ്ബ് | കുട്ടികളിലെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഉതകും വിധം കവിത , കഥ ,ഉർദു സാഹിത്യകാരന്മാരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | 5000 | എച്ച് എം |
| 6 | ഉർദു ദിനം | ടാലെൻറ് മീറ്റ് ,അക്ഷര മരം , എൻറെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച് എം |

| | | | | | | |
|---|---|---|---|---|---|---|
| 7 | തലാഷ് | പ്രാദേശിക പഠന യാത്രകൾ | വർഷത്തിൽ 1 | ഉർദു കള്ബ്ബ് | 2000 | എച്ച് എം |
| 8 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്ന തിന്നുതകുന്ന രീതിയിൽ വിവിധ ദിനാചാരണ പരിപാടികൾ സംഘടിപ്പിക്കുക | അതത് ദിനങ്ങളിൽ | ദിനങ്ങളിൽ | 500 | എച്ച് എം |
| 9 | ഉർദു കെ മോത്തിയാം ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യരൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിജയപ്പെടുത്തുന്ന പൊതു വേദി ഒരുക്കുക . ഉർദു വിലെ പ്രസിദ്ധമായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | | | | |
| 10 | മൂശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മൂശാഇറ യും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | 10000 | എച്ച് എം |

# MASTER PLAN ENGLISH 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1- ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | 1- Lend your year<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റിക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു . ലളിതമായ കഥകൾ വായിച്ച് കേൾപ്പിക്കുന്നു .<br>2-Follow me you can<br>ഇംഗ്ലീഷിൽ നല്കുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു<br>Draw picture according to the instruction.<br>3 Meet the foreigner or Experts in English<br>അതത് സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്താനുള്ള അവസരം ഒരുക്കുക .<br>4- English Assembly<br>I too can | | | |

| | | | | |
|---|---|---|---|---|
| ഭാവാത്മകമായ എഴുത്ത് വായന പരിശീലിപ്പിക്കുക<br><br>തെറ്റ് കൂടാതെ ENGLISH എഴുതാൻ പ്രാപ്തമാക്കുന്നു | വ്യത്യസ്ത്ത തലങ്ങളിൽ വിവിധ വായന കർഡുകൾ ക്രമീകരിക്കുന്നു . തെറ്റ് കൂടാതെ വായിക്കുവാനുള്ള അവസരം നൽകുന്നു .<br>(Simple – Complete )<br>Poem writing<br>Short story writing<br>Competition<br>3 ചാർട്ടിൽ letters എഴുതി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ എഴുതാനുള്ള ഗയിംസുകൾ ഏർപ്പെടുത്തുന്നു .<br>4 Book review<br>5New paper making<br>6 Fm Corner<br>വിത്യസ്തമായ കഥകൾ Readers Theatre, Radio Drama രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു<br>7) Readers of the month English ദിനപത്രം വായിക്കാൻ നൽകി Readers of the month നെ ആദരിക്കുന്നു<br>ക്ലാസ് മാഗസിൻ സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു<br>Alet Zone | | | |

| | | | | |
|---|---|---|---|---|
| ENGLISH ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ഇംഗ്ലീഷ് നോട്ടീസ് ബോർഡിൽ കുട്ടികളുടെ കലാ സൃഷ്ടികൾ English club program notice എന്നിവ പ്രദർശിപ്പിക്കുന്നു<br>Fun time Fun<br>Riddles, Jokes,തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു<br>a) Conduct the grand camp<br>b) Conduct English day | | | |

1. ഹിന്ദി വായന

ലക്ഷ്യം - യു പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം .

പ്രവർത്തനങ്ങൾ -

-ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ-കുട്ടികളുടെ അധികവായന ലക്ഷ്യമാക്കി ക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും .
വലിയ അക്ഷരങ്ങളോടുകൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ , ചിത്രകഥകൾ , ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദിസാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായു ള്ള പുസ്തകങ്ങളും ഗ്രന്ഥശാലയിൽ ലഭ്യമാക്കും .

-വായനാ കാർഡുകൾ തയ്യാറാക്കൽ - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കും .. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ ,പക്ഷിമൃഗാദികൾ , വൃക്ഷങ്ങൾ എന്നിവയു ടെ ചിത്രങ്ങളും പേരുകളും ചേർക്കും .
രാഷ്ട്രനേതാക്കൾ , ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും .
ഹിന്ദിബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കും
ദേശിയഗാനം , പ്രതിജ്ഞ , ഹിന്ദി അക്കങ്ങൾ , മാസങ്ങൾ എന്നിവയും സ്ഥി രമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും .
- ബാലഗീതങ്ങൾ , കവിതാശകലങ്ങൾ , ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടുകൂടി ക്ലാസ്സ് ആരംഭിക്കും.

2. ......

പ്രവർത്തനങ്ങൾ -

-കോപി ബുക്ക് - അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപി ബുക്കിൽ വൃത്തിയായി എഴുതും .

ബാലഗീതങ്ങൾ,കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപി ബുക്ക ഉപയോഗിക്കും .

-പ്രദർശന സാമഗ്രികൾ- ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നതിനായ് വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും . A4 പേപ്പറിൽ തയ്യാറാക്കുന്ന. ഇത്തരം രചനകൾ കൂട്ടിച്ചേർത്തത് ക്ലാസ്സ് മാസികകൾ തയ്യാറാക്കും .

-രോശ്നി വർക്ക് ബുക്ക് - ഡയറ്റ് എറണാകുളം തയ്യാറാക്കിയിട്ടുള്ള രോശ്നി വർക്ക് ബുക്ക് ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാനിപുണികളും ഭാഷാവ്യവഹാരരൂപങ്ങളും അധ്യാപകന്റെ മേൽനോട്ടത്തിൽ പരിശീലിക്കും .

3. ഹിന്ദി ആസ്വാദനം -

പ്രവർത്തനങ്ങൾ

-വിദ്യാർത്ഥികൾക്ക് അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും . അവതരിപ്പിക്കുന്നതിനായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സന്നിഹിതരായിരി ക്കുന്ന വേദിയൊരുക്കും. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കുംവിധം അവതരണ പരിപാടികൾ നടത്തും .

4. ഹിന്ദി അസംബ്ളി

പ്രവർത്തനങ്ങൾ

- ആഴ്ചയിലൊരിക്കൽ ഹിന്ദിഅസംബ്ളി നടത്തും . ഓരോ ആഴ്ചയിലേയും അസംബ്ളി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും . പ്രാർത്ഥന, പ്രതിജ്ഞ, വാർത്താപാരായണം , ജന്മദിനാശംസാഗീതം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും . അവതരണത്തിനുള്ള

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1-പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക<br>2- സാമൂഹ്യ ശസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ,ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ<br>3- സാമൂഹ്യ ശാസ്ത്ര പഠനം പ്രവർത്തനാധിഷ്ഠിതമാക്കുക<br>4- ജനാധിപത്യ ആശയങ്ങൾ വളർത്തിയെടുക്കുക<br>5- വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ ക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു<br>6- സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉന്നത | എഴുത്തിലും വായനയിലും ഉള്ള പിന്നോക്കാവസ്ഥ കണ്ടെത്തി കുട്ടികളെ ഗ്രൂപ്പുകളാക്കി പിന്തുണ ക്ലാസ്സുകൾ നലകൽ<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു<br>സാമൂഹ്യ ശാസ്ത്ര ചരിത്ര പ്രദർശനങ്ങൾ,സ്കൂൾ തല സാമൂഹ്യ ശാസ്ത്ര മേളകൾ ,സബ് ജില്ലാ തല സാമൂഹ്യ ശാസ്ത്ര മേളയിലെ പങ്കാളിത്തം ,ചാരിറ്റി പ്രവർത്തനങ്ങൾ<br>സാമൂഹ്യശാസ്ത്രപഠനോപകരണ ശില്പ ശാലകൾ മൊബൈൽ ആപ്പുകൾ<br>അസ്സംബ്ലി ,സ്കൂൾ പാർലിമെന്റ് ഇലക്ഷൻ സംഘടിപ്പിക്കൽ , ഗ്രാമ സഭ /വാർഡ് സഭ /എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | ജൂൺ മുതൽ<br>അക്കാദമിക വർഷാരംഭം ജൂൺ<br>ജൂലൈ മാസം മുതൽ<br>ജൂലൈ മാസം മുതൽ<br>ജൂൺ മാസം | CLASS TEACHERS<br>സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ<br>സാമൂഹ്യ ശാസ്ത്ര കള്ബ്ബ്<br>സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ<br>സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ സ്കൂൾ ലീഡർ | PTA &STAFF 16500<br>8000 PTA FUND |

| | | | | |
|---|---|---|---|---|
| നിലവാരത്തിലേക്ക് എത്തിക്കുന്നു<br>7- പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക്ക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ ,സൈബർ കുറ്റകൃത്യം ,ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം . | | സാമൂഹ്യ ശാസ്ത്രക്ലബ്ബ്<br>സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 8 സാമൂഹ്യ ശാസ്ത്ര പഠനം ശാസ്ത്രീയവും ലളിതവും ആക്കുക | പത്ര വായന, ദിനാചാരണങ്ങൾ എന്നിവ നടത്തൽ . മത്സര പരീക്ഷകൾ സംഘടിപ്പിക്കൽ ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കൽ മോഡൽ പരീക്ഷ ,എല്ലാ ആഴ്ചയിലും ക്വിസ് ,MONTHLY REVERSE ക്വിസ് സംഘടിപ്പിക്കൽ GROUP STUDY | ജൂൺ മാസം മുതൽ<br>ജൂലൈ മാസം മുതൽ | ഓരോ ക്ലാസുകൾ തയ്യാറാക്കുക<br>സാമൂഹ്യ ശാസ്ത്ര കള്ബ്ബ് | |
| | ICT സാദ്ധ്യതകൾ ഉപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർഷിപ്പിക്കൽ ,പഠന യാത്രകൾ ,സനഘടിപ്പിക്കൽ ,ചരിത്ര സിനിമ പ്രദർശനം , പ്രാദേശികമായ ചരിത്രയിടങ്ങൾ സന്ദർശനം<br>പ്രാദേശിക ചരിത്ര രചന | തുടർ പ്രവർത്തനം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ<br>സാമൂഹ്യ ശാസ്ത്ര കള്ബ്ബ് | PTA&STAFF കുട്ടികളിൽ നിന്നുള്ള ശേഖരം |
| | സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം | ഒരു വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | PTA FUND 5000 |

| | | | | |
|---|---|---|---|---|
| | വിവിധ തരം ഭൂപടങ്ങൾ - പൊളിറ്റിക്കൽ ,ജിയോഗ്രാഫി ,മണ്ണിനങ്ങൾ ,ധാതുക്കൾ ,. അറ്റ്ലസ് ,ആൽബം ,ഗ്ലോബ് നിർമാണം ,ഡിസാസ്റ്റർ മാനേജ്മെൻറ് . | | | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -2026

മേഖല : അക്കാദമികം   വിഷയം അടിസ്ഥാന ശാസ്ത്രം

ലക്ഷ്യങ്ങൾ :

1. ചുറ്റുപാടിനെ നിരീക്ഷിക്കുവാനും സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്താനുമുള്ള അവസരം ലഭ്യമാക്കുക .
2. ശാസ്ത്രീയ പഠനത്തിനും പ്രയോഗത്തിനും ശാസ്ത്രീയമനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
3. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താത്പര്യംഉണ്ടാക്കിയെടുക്കുക
4. ശാസ്ത്ര വിഷയങ്ങളിൽ പഠനത്തിനും അന്വേഷണത്തിനും കണ്ടെത്തലിനും വഴിതുറക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക

| പ്രവർത്തനം | പ്രവർത്തന രീതി | കാലം *ചുമതല | സാമ്പത്തികം |
|---|---|---|---|
| അറിഞ്ഞു പഠിക്കാം | ▪ വിദ്യാർഥിപരിസരത്തുള്ള ആവാസ വ്യവസ്ഥകൾ സന്ദർശിച്ച് നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കൽ<br>▪ സ്കൂൾ ,വീട്, എന്നിവയുടെ പരിസരം നിരീക്ഷിച്ച് സസ്യ ജാലങ്ങൾ, ,ജീവജാലങ്ങൾ, എന്നിവയെക്കുറിച്ച് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ -മാർച്ച്<br><br>ശാസ്ത്ര അദ്ധ്യാപകൻ<br>PTA | |
| പരീക്ഷണക്കളരി | UP ക്ലാസ്സുകളിലെ ശാസ്ത്രപരീക്ഷണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ | | |

| | | | |
|---|---|---|---|
| | പരീക്ഷണക്കളരികൾ കുട്ടികൾ പരീക്ഷണങ്ങൽ അവതരിപ്പിക്കൽ | | |
| പ്രവർത്തനം | പ്രവർത്തന രീതി | കാലം | സാമ്പത്തികം |
| പരീക്ഷണക്കുറിപ്പ് | തയ്യാറാക്കൽ , പരീക്ഷണ സാമഗ്രികൾ സ്വന്തമായി കണ്ടെത്തൽ ,പഠനോപകരണ നിർമാണം | ജൂൺ - ഫെബ്രുവരി ശാസ്ത്ര അദ്ധ്യാപകൻ | |
| എൻറെ ശാസ്ത്ര ലാബ് | ശാസ്ത്ര ലാബ് സജ്ജീകരിക്കൽ വിപുലീകരണം | ജൂൺ - ഡിസംബർ | |
| ഔഷധോ ദ്യാനം | വീടിലും വിദ്യാലയത്തിലും ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കൽ ,പ്രത്യേകതകൾ ,ഉപയോഗം എന്നിവ രേഖപ്പെടുത്തൽ | ജൂൺ - മാർച്ച് ശാസ്ത്ര ക്ലബ് | |
| ശാസ്ത്ര മാസിക | ശാസ്ത്ര വാർത്തകൾ ശാസ്ത്രകാരന്മാരെ കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാർട്ട് ,ആൽബം , പഠനോപകരണം ,പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG CLASS TEACHER | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമാണം | വർഷത്തിലൊരിക്കൽ | HM SRG CLASS TEACHER | PTA |

# TRK UPS VALANCHERY ACADEMIC MASTER PLAN 2025-2026

| മേഖല യു പി ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| • പ്രശ്ന പരിഹാര ശേഷി വർദ്ധിപ്പിക്കുക, യുക്തി ചിന്ത വളർത്തുക ഗണിതത്തോട് താത്പര്യം ഉണ്ടാക്കുക മത്സര ബുദ്ധി വളർത്തുകയും ചിന്തിക്കാനുള്ള കഴിവ് പരിപോഷിപ്പിക്കുകയും ചെയ്യുന്നു | <u>**ഗണിത കടങ്കഥ മത്സരം /പസ്സിൽ ചാലഞ്ച്**</u> ഓരോ ആഴ്ചയും ഒരു പുതിയ കടങ്കഥയോ പസിലോ ക്ലാസ് മുറിയിൽ അവതരിപ്പിക്കുക . കുട്ടികളെ വ്യക്തിഗതമായോ ഗ്രൂപ്പുകളായോ ഇത് പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുക | ജൂലൈ മുതല് ഫെബ്രുവരി വരെ ആഴ്ചയിൽ ഒരു ദിവസം | ഗണിത അദ്ധ്യാപകർ ക്ലബ്ബിലെ അംഗങ്ങൾ | ഗണിത ക്ലബ്ബ് PTA. |
| എഴുത്ത് ഗവേഷണ ശേഷി ,വിവരങ്ങൾ ശേഖരിക്കാനും അവതരിപ്പിക്കാനുമുള്ള കഴിവ് എന്നിവ വളർത്തുക | ഗണിതപത്രപ്രവർത്തനം ഒരു ഗണിത ന്യൂസ് ലെറ്റർ അല്ലെങ്കിൽ ഒരു ക്ലാസ്സ് റൂം പത്രം ( ഗണിത പത്രം )ആരംഭിക്കുക . അതിൽ പുതിയ ഗണിത കണ്ടുപിടുത്തങ്ങൾ ,ഗണിത ലോകത്തെ വാർത്തകൾ ,ഗണിത പ്രശ്നങ്ങൾ ,ഗണിതഞ്ജരെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തുക | ജൂലൈ മുതൽ ഫെബ്രുവരി വരെ ആഴ്ചയിൽ ഒരു ദിവസം | ഗണിത അദ്ധ്യാപകൻ ഗണിത ക്ലബ്ബിലെ അംഗങ്ങൾ | ഗണിത ക്ലബ്ബ് PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
